പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6044

04/07/2019-ൽ മറുപടിക്ക്

അന്തർ ജില്ല സ്ഥലം മാറ്റം

**ചോദ്യം**

ശ്രീ. വി.പി. സജീന്ദ്രൻ:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) ജി.ഓ.(പി) നം.36/91 എന്ന സർക്കാർ ഉത്തരവ് പ്രകാരം ജില്ലാതല നിയമനങ്ങളിലൂടെ സർക്കാർ സർവ്വീസിൽ കയറിയ ജീവനക്കാർക്ക് അന്തർജില്ല സ്ഥലം മാറ്റം ഒരു വർഷം ഉണ്ടാകുന്ന ഒഴിവിന്റെ 10%-നേ അർഹതയുള്ളൂ എന്ന നിയമം മറ്റെല്ലാ വകുപ്പിനും ബാധകമായിരിക്കുമ്പോൾ വിദ്യാഭ്യാസ വകുപ്പിൽ മാത്രം 1992-മുതൽ 25 മുതൽ 35% വരെയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ 2015- മുതൽ നിരവധി പരാതികൾ വിദ്യാഭ്യാസ വകുപ്പിൽ ലഭിക്കുകയും അതിൻ പ്രകാരം അന്തർ ജില്ല സ്ഥലംമാറ്റം ഒരു അവകാശമല്ലെന്നും ആനുകൂല്യം മാത്രമാണെന്നും അടിയന്തര ഘട്ടത്തിൽ മാത്രമേ അത് ഉപയോഗിക്കുവാൻ പാടുള്ളൂ എന്നും അത് 10% കഴിയാൻ പാടില്ല എന്നും സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇത്തരം ഒരു തീരുമാനം വിദ്യാഭ്യാസ വകുപ്പ് കൈക്കൊണ്ടിട്ടില്ല. മറ്റ് വകുപ്പുകളിലേതിനു സമാനമായ വ്യവസ്ഥയല്ല അദ്ധ്യാപകരുടെ പ്രമോഷൻ, സ്ഥലംമാറ്റം എന്നിവക്ക് നിലവിലുള്ളത്. എന്നാൽ ജി.ഒ (പി) നം. 36/91/പൊവിവ പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അന്തർജില്ലാ സ്ഥലംമാറ്റത്തിന് നീക്കി വയ്ക്കാവുന്ന ഒഴിവുകൾ (ഓരോ വകുപ്പിനും ഓരോ വർഷവും ഓരോ കാറ്റഗറിയിലും ഉണ്ടാകുന്ന മൊത്തം ഒഴിവുകളുടെ) 10% കവിയാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ എച്ച്.എസ്.ടി നിയമനവുമായി 2017 ജൂലൈയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ സമർപ്പിച്ച OA(Ekm)1515/2017 എന്ന ഒ.എ. പ്രകാരം 2019 മെയ് 27-ന് നിലവിൽ വന്ന അന്തർ ജില്ല സ്ഥലം മാറ്റം സ്റ്റേ ചെയ്തുകൊണ്ടുള്ള ഓർഡർ നിലവിൽവന്നതിനുശേഷം അതിനെ

(സി) ട്രൈബ്യൂണൽ ഉത്തരവ് മറികടന്നുകൊണ്ടുള്ള സ്ഥലംമാറ്റനിയമനങ്ങൾ നടക്കുന്നതായി ലഭിച്ച പരാതികളിന്മേൽ റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ, ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മറികടന്നുകൊണ്ടുള്ള നിയമനങ്ങളും അതിനെകുറിച്ച് വന്ന പത്ര വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സെക്ഷൻ ഓഫീസർ